ശ്രീമതി അച്ചാമ്മ ജോർജ്ജ് ചുണ്ടയിൽ എന്നിവർ വൈദ്യുതി ആഘാതമേറ്റ് മരിക്കാനിടയായത് തികച്ചും നിർഭാഗ്യകരമായ ഒരു സംഭവമാണ്. പുത്തൻപള്ളിക്കുന്നിൽ സ്ഥാപിച്ചിട്ടുള്ള ഡബിൾപോൾ സ്ട്രക്ച്ചറിന് സമീപമാണ് ഇവരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്. ഈ ഡബിൾപോൾ സ്ട്രക്ച്ചറിൽ ഒരു എ.ബി. സ്വിച്ച് സ്ഥാപിച്ചിട്ടുണ്ട്. ശ്രീമതി അച്ചാമ്മയ്ക്ക് ഈ സ്ട്രക്ച്ചറിലെ എർത്ത് വയറിൽ നിന്നും ഷോക്കേറ്റുവെന്നും ഇവരെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഫാദറിനും ഷോക്കേറ്റുവെന്നാണ് പ്രാഥമിക അന്വേഷണത്തിൽ നിന്നും മനസ്സിലായത്. വൈദ്യുതി ബോർഡിലെ ഉന്നത ഉദ്യോഗസ്ഥനും ഇലക്ട്രിക്കൽ ഇൻസ്പെക്ടറും സ്ഥലം പരിശോധിച്ചു. അപകടകാരണം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈനിൽ സ്ഥാപിച്ചിട്ടുള്ള ഡിസ്ക് ഇൻസുലേറ്റർ ഭാഗികമായി തകർന്നാണ് എർത്ത് വയറിൽ വൈദ്യുതി പ്രവാഹം ഉണ്ടായതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ മനസ്സിലാകുന്നത്. ഇത് ഒരുപക്ഷേ മിന്നലിന്റെ ഭാഗമാകാം. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും എന്തെങ്കിലും അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മാണി സാറിന് ഉറപ്പു നൽകുകയാണ്. സമഗ്രമായ ഒരു അന്വേഷണം ഇതിന്റെ ഭാഗമായി നടക്കും. അപകടത്തിൽ മരണപ്പെട്ട ഫാദർ മാത്യു തൊണ്ടാംകുഴിയുടെയും ശ്രീമതി അച്ചാമ്മ ജോർജ്ജിന്റെയും അവകാശികൾക്ക് ഒരു ലക്ഷം രൂപ വീതം ആശ്വാസ ധനസഹായം നൽകുന്നതുമാണ്.

4. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വേതനം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേരളത്തിലെ അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വേതനം യഥാക്രമം 2050 രൂപയും 1300 രൂപയുമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 450 രൂപ കൂടി അവർക്ക് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സോഷ്യൽ വെൽഫെയർ മിനിസ്റ്റർ അംഗൻവാടി ജീവനക്കാരുടെ ശമ്പള വർദ്ധനവിനേയും അംഗൻവാടികളുടെ ഇൻഫ്രാസ്ട്രക്ച്ചറിനേയും മറ്റും കുറിച്ച് ചർച്ച ചെയ്യാനൊരു കോൺഫറൻസ് വിളിച്ചിരുന്നു. ആ കോൺഫറൻസിൽ കേരളത്തിൽ നിന്ന് ആരും പങ്കെടുത്തില്ല. ആ കോൺഫറൻസിൽ ഈ കാര്യങ്ങളെക്കുറിച്ചൊക്കെ തീരുമാനമുണ്ടായി, എന്നുമാത്രമല്ല ശമ്പളം വർദ്ധിപ്പിക്കണമെന്നും തീരുമാനിച്ചു. അയൽ സംസ്ഥാനങ്ങൾപോലും ഇവർക്ക് ഉയർന്ന ശമ്പളമാണ് നൽകുന്നത്. തൊട്ടടുത്ത തമിഴ്നാട് അംഗൻവാടി ജീവനക്കാർക്ക് നൽകുന്നത് ഏറ്റവും ചുരുങ്ങിയത് 5000 രൂപയാണ്. അതുപോലെയാണ് പല സംസ്ഥാന ഗവൺമെന്റുകളും നൽകുന്നത്. ആ സന്ദർഭത്തിൽ കേരളാ ഗവൺമെന്റ് കേന്ദ്രം വിളിക്കുന്ന കോൺഫറൻസിന് പോകുന്നില്ല, ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ തയ്യാറാകുന്നില്ല എന്നുമാത്രമല്ല കേവലം 450 രൂപ മാത്രം കൂട്ടിക്കൊടുത്തുകൊണ്ട് ഇവരെ തൃപ്തിപ്പെടുത്താൻ കഴിയുമോ എന്നാണ് നോക്കുന്നത്. ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനങ്ങൾ ഉയർന്ന ശമ്പളം നൽകുമ്പോഴും തൊട്ടടുത്ത തമിഴ്നാട് 5000 രൂപ കൊടുക്കുമ്പോഴും ഇവിടെ കൊടുക്കുന്നത് 2050 രൂപയും 1300 രൂപയുമാണ്. ഇതൊക്കെ സംസ്ഥാന സർക്കാരുകൾ കേന്ദ്രം തരുന്നതിനുപുറമെ ബഡ്ജറ്ററി സപ്പോർട്ട് കൊടുത്തുകൊണ്ടാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ തുച്ഛമായ സംഖ്യകൊണ്ട് ഒന്നുമാവില്ല. അവരുടെ പ്രയാസങ്ങൾ, വിറകു വേണം, സാധനങ്ങൾ കൊണ്ടുവരണം, ധാരാളം ജോലി അവരെ സംബന്ധിച്ചിടത്തോളം ഉണ്ട്. അതുകൊണ്ട് അവരുടെ ശമ്പളം ഏറ്റവും ചുരുങ്ങിയത് 5000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഒരു കാര്യം ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് സമ്മതിച്ചു. ഇത് കേന്ദ്ര ഗവൺമെന്റാണ് നൽകേണ്ടത്, പക്ഷേ കേന്ദ്രത്തിൽ പോകുന്നില്ല, അവിടുത്തെ മീറ്റിംഗിൽ പങ്കെടുക്കുന്നില്ല, ഇതവിടെ അവതരിപ്പിക്കുന്നില്ല എന്ന് അദ്ദേഹം പറഞ്ഞതുശരിയല്ല. കേന്ദ്രത്തിൽ പോകുന്നുണ്ട്, ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങ് ഈ വസ്തുതകളൊക്കെ മനസ്സിലാക്കണം. കേന്ദ്രാവിഷ്കൃത പദ്ധതിയായ തൊഴിലുറപ്പു പദ്ധതിക്ക് കൊടുക്കുന്ന തുക പോലും കൊടുക്കുന്നില്ല എന്നത് അപമാനമല്ലേ.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : ഇവർക്കെതിരായി ദേശവ്യാപകമായി സമരം നടക്കുകയാണ്.

ശ്രീ. എം. വിജയകുമാർ : അതെ ദേശവ്യാപകമായ സമരം നടക്കുകയാണ്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം കൊടുക്കുന്നത് വർദ്ധിപ്പിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. വർക്കർമാർക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഓണറേറിയം 1438 രൂപ മുതൽ 1563 രൂപ വരെയും ഹെൽപ്പർമാർക്ക് 750 രൂപയുമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ കൂലിപോലും ഇവർക്ക് നൽകാതിരുന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അവരുടെ ഓണറേറിയം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. കേന്ദ്ര സർക്കാർ നൽകിവരുന്ന ഓണറേറിയത്തിന് പുറമെ 550 രൂപ സംസ്ഥാന വിഹിതമായി നൽകുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1-7-2005 മുതൽ ഓണറേറിയം 400 രൂപയിൽ നിന്ന് 550 രൂപയാക്കി വീണ്ടും വർദ്ധിപ്പിച്ചു. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന അംഗൻവാടി വർക്കർമാർക്ക് 150 രൂപയും ഹെൽപ്പർമാർക്ക് 75 രൂപയും അധിക ഓണറേറിയം നൽകുന്നുണ്ട്. സംസ്ഥാന സർക്കാർ നൽകിവരുന്ന ഓണറേറിയത്തിൽ 450 രൂപ കൂടി അധികമായി അനുവദിച്ച് 1000 രൂപയാക്കി ഉയർത്താൻ 2011-12 ബഡ്ജറ്റിൽ 38.84 കോടി രൂപ സർക്കാർ മാറ്റിവച്ചു. ഇതൊക്കെ ഇവിടെ ചെയ്തതാണ്. അംഗൻവാടികളിൽ ആഹാരം പാകം ചെയ്യുന്നവർക്ക് വിറക്, പച്ചക്കറി എന്നിവയ്ക്ക് ഒരു കുട്ടിക്ക് 20 പൈസ എന്ന തോതിൽ നൽകിയിരുന്നത് 50 പൈസയാക്കി വർദ്ധിപ്പിച്ചു. അംഗൻവാടി വർക്കർ തസ്തികയിലെ 25 ശതമാനം തസ്തികകൾ ഹെൽപ്പർമാർക്കായി സംവരണം ചെയ്തു. ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ 29 ശതമാനം തസ്തികകൾ വർക്കർമാർക്കായി സംവരണം ചെയ്തു. ഇത്രയധികം നടപടികൾ സ്വീകരിച്ചത്. ഈ സർക്കാരിന്റെ കാലത്ത് മാത്രമാണ് മറ്റൊരു കാലത്തും ഇങ്ങനെ ചെയ്തിട്ടില്ല.